പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2262 — 04.11.2019 ൽ മറുപടിയ്ക്ക്

## ഭക്ഷ്യധാന്യങ്ങളുടെ ശേഖരണം

**ചോദ്യം**

ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീ.എം.സ്വരാജ്
ശ്രീ.പി.ഉണ്ണി
ശ്രീ.ജോർജ് എം. തോമസ്

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളുടെ വർദ്ധിച്ചു വരുന്ന ഉൽപാദനത്തിന്റെയും സംഭരണത്തിന്റെയും അനുപാതത്തിൽ ശേഖരണ ശേഷി വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | എൻ.എഫ്.എസ്.എ. നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യസാധനങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് സപ്ലൈകോയുടെ കൈവശമുള്ള സ്ഥലങ്ങളിൽ ഗോഡൗൺ നിർമിക്കുന്നതിന് പദ്ധതി ഇനത്തിൽ 2017-18 കാലയളവിൽ 20 കോടി രൂപയും 2018-19 കാലയളവിൽ 10 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. വലിയതുറ, കൊല്ലം, തിരുവല്ല, ഇടപ്പള്ളി, കൊച്ചി എന്നിവിടങ്ങളിലാണ് ഗോഡൗൺ നിർമ്മാണം വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ വലിയതുറ, കൊല്ലം, തിരുവല്ല എന്നിവിടങ്ങളിൽ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൊച്ചിയിൽ വിശദമായ പ്ലാൻ. ഡിസൈൻ തുടങ്ങിയവ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഇടപ്പള്ളിയിൽ ഗോഡൗണിന് ഉദ്ദേശിച്ച സ്ഥലത്തേക്ക് റോഡ് സൗകര്യത്തിന്റെ അപര്യാപ്തത മൂലം നടപടികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | ഭക്ഷ്യധാന്യ ശേഖരണത്തിനായി സർക്കാർ പൊതു-സ്വകാര്യ പങ്കാളിത്ത (പി.പി.പി) മാതൃക നടപ്പിലാക്കുന്നുണ്ടോ; | (ബി) | ടി പദ്ധതി നിലവിലില്ല. |
| (സി) | വെയർഹൗസിംഗ് ഡെവലപ്മെന്റ് ആന്റ് റെഗുലേറ്ററി അതോറിറ്റി (ഡബ്ല്യു.ഡി.ആർ.എ) ഈ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (സി) | വെയർ ഹൗസിംഗ് രംഗത്ത് നിയന്ത്രണങ്ങൾ കൊണ്ടു വരുന്നതിനും രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനും നടപടികൾ സുതാര്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് വെയർഹൗസിംഗ് ഡവലപ്മെൻറ് ആന്റ് റഗുലേറ്റിംഗ് അതോറിറ്റി നിർവ്വഹിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | സ്റ്റോറേജ് ഗ്യാപ് നിലവിലുള്ളതും എന്നാൽ ഉപഭോഗം കൂടിയതുമായ സ്ഥലങ്ങളിൽ ഗോഡൗണുകൾ സ്ഥാപിക്കുവാൻ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | സ്റ്റോറേജ് ഗ്യാപ്പ് നിലവിലുള്ളതും ഉപഭോഗം കൂടിയതുമായ സ്ഥലങ്ങളിൽ ഗോഡൗണുകൾ സ്ഥാപിക്കുവാൻ നിലവിൽ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ